# INDIAN SCHOOL AL WADI AL KABIR

| | | |
|---|---|---|
| **CLASS: VII** | **DEPARTMENT: MALAYALAM** | **DATE: 15-05-2023** |
| **Class Notes** | **Lesson:** 2 | **Topic: കുഞ്ചന്റെ പഞ്ചാരപ്പായസം** |

**<u>പദപരിചയം</u>**

| | |
|---|---|
| പഞ്ചാരപ്പായസം | ആശ്രിതൻ |
| മലയാള സാഹിത്യം | അമ്പലപ്പുഴ |
| കഥാരൂപം | പരിവാരങ്ങൾ |
| പണ്ഡിതൻ | പ്രസിദ്ധമായ |
| പാമരൻ | രാജപ്രീതി |
| വ്യക്തിജീവിതം | പരീക്ഷിക്കപ്പെടുക |
| രസികൻ | എഴുന്നള്ളുക |
| മാർത്താണ്ഡവർമ്മ | പൊട്ടിച്ചിരിച്ചു |

**<u>അർത്ഥം</u>**

മുഴുത്ത = വലിയ

ആശ്രിതൻ = ആശ്രയിച്ചു കഴിയുന്നവൻ

പരസ്പരം = അന്യോന്യം

പരിവാരം = സേവകന്മാരുടെ കൂട്ടം

ഒടുവിൽ = അവസാനം

പ്രീതി = ഇഷ്ടം

പാമരൻ = അറിവില്ലാത്തവൻ

രസിപ്പിക്കുക = സന്തോഷിപ്പിക്കുക

**<u>പര്യായപദം</u>**

ചിരി = സ്മിതം , സ്മേരം

രാജാവ് = നൃപൻ , അരചൻ , മന്നൻ

നാണം = ലജ്ജ , വ്രീള

**<u>വിപരീതപദം</u>**

പണ്ഡിതൻ X പാമരൻ

സന്തോഷം X സന്താപം

ശിക്ഷ X രക്ഷ

പ്രീതി X അപ്രീതി

പ്രസിദ്ധം X കുപ്രസിദ്ധം

രസികൻ X അരസികൻ

കയ്പ്പ് X മധുരം

താഴ്ത്തി X ഉയർത്തി

**<u>എതിർലിംഗം</u>**

രാജാവ് X റാണി

നമ്പ്യാർ X നങ്ങ്യാർ

**<u>ചേർത്തെഴുതുക</u>**

രസികൻ + ആയ = രസികനായ

സ്വാദ് + അറിഞ്ഞു = സ്വാദറിഞ്ഞു

കഴിക്കുക + ആണ് = കഴിക്കുകയാണ്

കയ്പ്പ് + ഉണ്ട് = കയ്പ്പുണ്ട്

ചാടി + എഴുന്നേറ്റു = ചാടിയെഴുന്നേറ്റു

**<u>പിരിച്ചെഴുതുക</u>**

പ്രസിദ്ധമായ = പ്രസിദ്ധം + ആയ

ആശ്രിതനായിരുന്നു = ആശ്രിതൻ + ആയിരുന്നു

ഉച്ചയായി = ഉച്ച +ആയി

മതിയാവില്ല = മതി + ആവില്ല

കുനിഞ്ഞിരുന്നു = കുനിഞ്ഞ് + ഇരുന്നു

**<u>ഉത്തരമെഴുതുക</u>**

1. മാർത്താണ്ഡവർമ്മയും പരിവാരങ്ങളും എവിടേക്കാണ് എഴുന്നള്ളിയത് ?

   മാർത്താണ്ഡവർമ്മയും പരിവാരങ്ങളും അമ്പലപ്പുഴയിലേക്കാണ് എഴുന്നള്ളിയത്.

2. പരിവാരങ്ങളെ ഞെട്ടിച്ച സംഭവമെന്തായിരുന്നു ?

   പഞ്ചാരപ്പായസത്തിനു കയ്പ്പുണ്ടെന്ന് പറഞ്ഞ് മാർത്താണ്ഡവർമ്മ മഹാരാജാവ് ഭക്ഷണം കഴിക്കാതെ എഴുന്നേറ്റത് കണ്ടപ്പോഴാണ് പരിവാരങ്ങൾ ഞെട്ടിയത് .

3. പഞ്ചാരപ്പായസത്തിന് കയ്പ്പ് തന്നെയെന്ന് പരിവാരങ്ങൾ പറയാൻ കാരണമെന്ത് ?

   പഞ്ചാരപ്പായസത്തിന് കയ്പ്പ് തന്നെയെന്ന് പരിവാരങ്ങൾ പറഞ്ഞത് രാജപ്രീതി നേടുന്നതിന് വേണ്ടിയായിരുന്നു .

4. കുഞ്ചൻനമ്പ്യാർ രാജാവിന് നൽകിയ മറുപടിയെന്ത് ?

"പഞ്ചാരപ്പായസത്തിന് നല്ല കയ്പ്പുണ്ട് മഹാരാജാവേ , പഞ്ചാരയുടെ കയ്പ്പ് അടിയന് ഇഷ്ടമാണെന്നു മാത്രം " എന്ന മറുപടിയാണ് കുഞ്ചൻനമ്പ്യാർ രാജാവിന് നൽകിയത്.

***